# ആരുടേതാണ് നിഷ്പക്ഷ വായന?

**'ഖുർആൻ** ഒരു നിഷ്പക്ഷ വായന' എന്ന മുഹമ്മദ് കോയയുടെ പ്രതികരണത്തെക്കുറിച്ച് (ലക്കം 15) ചില സംശയങ്ങളുണ്ട്. ഒരു കൃതിയെ വിമർശനാത്മകമായി സമീപിക്കുന്നതിന് വേണ്ടി അതിന്റെ ലേഖികയെ തരംതാഴ്ത്തി കാണേണ്ടതുണ്ടോ? ആമിനാ വദൂദിന്റെ കൃതിക്ക് നൽകപ്പെടുന്ന പ്രചാരം അർഹമോ അനർഹമോ ആകട്ടെ, ചർച്ച ചെയ്യപ്പെടാൻ മാത്രം വല്ലതും എഴുതാനുള്ള ചങ്കുറപ്പ് കാണിച്ച അവരെ ഒരു എഴുത്തുകാരി എന്ന നിലക്ക് തള്ളിക്കളയാൻ നമുക്കെന്തവകാശം? വിമർശനത്തിന്റെ മര്യാദ പലയിടത്തും നഷ്ടപ്പെട്ടതുപോലെ തോന്നി.

'ഖുർആൻ ഒരു നിഷ്പക്ഷ വായന'എന്നായിരുന്നു ശീർഷകമെങ്കിലും മുഹമ്മദ് കോയ ഉദ്ദേശിച്ചത് 'ഖുർആൻ ഒരു പുരുഷ കേന്ദ്രീകൃത വായന' ആയിരുന്നോ? അദ്ദേഹം എഴുതിയത്, 'അല്ലാഹു ആണിന് പെണ്ണിന്റെ മേൽ ഉത്കൃഷ്ടത നൽകിയിരിക്കുന്നു എന്ന കാര്യം നിഷേധിച്ചിട്ട് കാര്യമില്ല. ആദമിന് മാലാഖമാർ പ്രണാമമർപ്പിച്ചു. ഖുർആൻ മുഴുവൻ വായിച്ചാലും ആദിമ മാതാവായ ഹവ്വക്ക് മാലാഖമാർ പ്രണാമമർപ്പിച്ചതായി കണ്ടെത്താനാവുകയില്ല' എന്നാണ്. മാലാഖമാർ പ്രണാമമർപ്പിച്ചത് ആദമിനല്ലേ, മുഴുവൻ പുരുഷ സമൂഹത്തിനുമല്ലല്ലോ? ആദമിന് സ്ത്രീസമൂഹത്തേക്കാൾ മാത്രമല്ല ഖുർആൻ ശ്രേഷ്ഠത കൽപിക്കുന്നത്. മറിച്ച് മുഴുവൻ മാനവരാശിയെക്കാളുമാണ്. ഖുർആൻ ഒരിടത്ത് പറയുന്നു: 'നിന്റെ റബ്ബ് മലക്കുകളോട് ഇപ്രകാരം പറഞ്ഞ സന്ദർഭം ഓർക്കുക. ഞാൻ മുട്ടിയാൽ മുഴങ്ങുന്ന, ഗന്ധമുള്ള, കറുത്ത കളിമണ്ണിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുന്നുണ്ട്. അത് പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ, നിങ്ങളെല്ലാം അതിന്റെ മുമ്പിൽ പ്രണാമത്തിൽ വീഴണം. അങ്ങനെ മലക്കുകളൊക്കെയും പ്രണാമം ചെയ്തു....' (*അൽഹിജ്ർ* 31). ഇവിടെ മലക്കുകൾ പ്രണാമമർപ്പിച്ചത് ആദം എന്ന വ്യക്തിയുടെ മുമ്പിലല്ല; ആദം പ്രതിനിധീകരിക്കുന്ന മനുഷ്യകുലത്തിന് മുമ്പിലാണ്.

അദ്ദേഹം പറയുന്നത് പ്രകാരം ലിംഗ നിർണയം പുരുഷന്റെ കുത്തകയായിക്കൊള്ളട്ടെ; പക്ഷേ ബീജം പുരുഷനിൽതന്നെ ഇരുന്നതുകൊണ്ട് ഫലപ്രാപ്തി ഉണ്ടാവുകയില്ലല്ലോ. അത് അണ്ഡവുമായി സമ്മേളിക്കുമ്പോൾ മാത്രമാണ് ഭ്രൂണം തന്നെ ഉണ്ടാകുന്നത്. സ്ത്രീയില്ലാതെ ഒന്നും സാധ്യമല്ലെന്ന് വ്യക്തമല്ലേ?

'പെണ്ണൊരുത്തിയെ' എങ്ങനെ ഇരുത്തേണ്ടിടത്തിരുത്താം എന്ന നിലപാടാണ് ലേഖകന്റേത്. സമൂഹത്തിൽ മൊത്തം അന്തർലീനമായി കിടക്കുന്ന പുരുഷ മേൽക്കോയ്മയുടെ ആ സ്വരം തന്നെയായിരിക്കണം ആമിനാ വദൂദിനെ കൊണ്ട് ഇങ്ങനെ ഒരു കൃതി എഴുതാൻ പ്രേരിപ്പിച്ചിട്ടുണ്ടാവുക. ഖുർആൻ സ്ത്രീക്ക് നൽകിയിട്ടില്ലാത്ത പ്രാധാന്യം സ്ഥാപിച്ചെടുക്കാൻ ആമിനാ വദൂദ് എങ്ങനെയാണോ വിഫല ശ്രമം നടത്തിയത് അങ്ങനെ തന്നെ പുരുഷന് നൽകിയിട്ടില്ലാത്ത ഔന്നത്യം ഉണ്ടാക്കിയെടുക്കാനാണ് മുഹമ്മദ് കോയ ശ്രമിക്കുന്നത്. ആരുടേതാണ് നിഷ്പക്ഷ വായന?

**എ.എം രഹന, പിരായിരി, പാലക്കാട്**




## മാസപ്പിറവിയും സമുദായത്തിന്റെ ധർമസങ്കടവും

**സമുദായത്തെ** മൊത്തമായും, ഭിന്ന വീക്ഷണ വിഭാഗക്കാരെ ഉൾക്കൊള്ളുന്ന കുടുംബങ്ങളെ പ്രത്യേകിച്ചും ഉത്കണ്ഠയുടെ മുൾമുനയിൽ നിറുത്തിക്കൊണ്ടാണ് ഈ വർഷവും പെരുന്നാൾ മാസപ്പിറവിയുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ടുപോയത്. റമദാൻ 29 കഴിഞ്ഞ രാവിൽ മാസപ്പിറവി ദർശിച്ചതായി എങ്ങും ഉത്തരവാദപ്പെട്ടവർ പ്രഖ്യാപിക്കരുതേ എന്ന് അകമഴിഞ്ഞ് ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്തവർ ഈ കുറിപ്പുകാരനെ പോലെ അനവധിയുണ്ടാകാം. ഗോള ശാസ്ത്ര പ്രവചനങ്ങളെ അവലംബിക്കുന്ന വിഭാഗങ്ങൾ അന്നത്തെ മാസപ്പിറവി അംഗീകരിക്കില്ലെന്നതിനാൽ കുടുംബത്തിലും കൂട്ടുകുടുംബങ്ങളിലും പെരുന്നാൾ വിഭജിക്കപ്പെടുമെന്നതാണ് ഉത്കണ്ഠക്ക് കാരണം.

മറ്റിടങ്ങളിൽനിന്ന് വ്യത്യസ്തമായി മാസപ്പിറവി സംബന്ധിച്ച അഭിപ്രായ വ്യത്യാസങ്ങൾക്ക് ഇവിടെ സംഘടനാപരമായ രൂപമാനങ്ങൾ കൈവന്നതാണ് ഈ ധർമസങ്കടത്തിന് കാരണം. "ജനങ്ങൾ നോമ്പനുഷ്ഠിക്കുമ്പോൾ നിങ്ങൾ നോമ്പനുഷ്ഠിക്കുക; പെരുന്നാൾ ആഘോഷിക്കുമ്പോൾ നിങ്ങൾ പെരുന്നാൾ ആഘോഷിക്കുക" എന്ന നബിവചനത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് വിശാല സമീപനം സ്വീകരിക്കുക മാത്രമാണ് സംഗതമായിട്ടുള്ളത്. നോമ്പിന്റെയും ഈദിന്റെയും കാര്യത്തിലല്ലാതെ, നമസ്കാരത്തിന്റെയോ സകാത്തിന്റെയോ സ്വദഖയുടെയോ മറ്റോ കാര്യങ്ങളിൽ ഇങ്ങനെ 'ജനങ്ങൾ ചെയ്യുമ്പോൾ ചെയ്യുക' എന്ന നിഷ്കർഷ കാണുന്നില്ല. നോമ്പിന്റെയും പെരുന്നാളിന്റെയും വിഷയത്തിൽ സമൂഹം ഭിന്നിക്കുമെന്ന നബി(സ)യുടെ പ്രവചന സ്വഭാവമുള്ള ഉത്കണ്ഠയല്ലേ ഈ നബിവചനങ്ങളിൽ കാണുന്നത്? ഇസ്ലാമിക സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തി തകർക്കാനുള്ള ഗൂഢശ്രമങ്ങൾ വെളിച്ചത്തുവരുന്ന ഇക്കാലത്തല്ലെങ്കിൽ പിന്നെപ്പോഴാണ് നമുക്ക് പ്രവാചകൻ ഉദ്ദേശിച്ച ഐക്യത്തിന്റെ ആവശ്യകത ബോധ്യപ്പെടുകയും വിശാല കാഴ്ചപ്പാട് കൈക്കൊള്ളാൻ കഴിയുകയും ചെയ്യുക? ഇനിയുമൊരു ഭിന്നിച്ച പെരുന്നാൾ വരുന്നതിന് മുമ്പ് ചിന്തിച്ചാലേ കാര്യമുള്ളൂ.

**ടി.പി ശഫീഖ് മാഹി**

# സ്ത്രീ പുരുഷ സമത്വം

**സ്ത്രീപുരുഷന്മാരുടെ** ശക്തിദൗർബല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയുക സ്രഷ്ടാവായ അല്ലാഹുവിനു തന്നെയാണ്. അതുപ്രകാരം സമൂഹത്തിലും കുടുംബത്തിലും സ്ത്രീയുടെയും പുരുഷന്റെയും ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് ഖുർആനും നബിചര്യയും നിശ്ചയിച്ചിട്ടുണ്ട്. പൂർണമായും അല്ലാഹുവിന്റെ ദീനനുസരിച്ച് ജീവിച്ചാൽ ജീവിതം സുഗമവും സുന്ദരവുമാകും. ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകന്ന ഒരു സമൂഹത്തിൽ പുരുഷാധിപത്യം കൊടികുത്തിവാഴുകയും സ്ത്രീകൾ പീഡനങ്ങളനുഭവിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിന് ഇസ്‌ലാം ഉത്തരവാദിയല്ല. സ്ത്രീപുരുഷന്മാർക്കിടയിൽ ഖുർആൻ ഒരു വിവേചനവും കൽപിച്ചിട്ടില്ല. പ്രമുഖ ചിന്തകനായ പ്രഫ. ഖുർശിദ് അഹ്മദ് എഴുതുന്നു: "അല്ലാഹുവിന്റെ പരീക്ഷണത്തിൽ സ്ത്രീകളും പുരുഷന്മാരും തുല്യപങ്കാളികളാണ്. ആരും മറ്റൊരാളുടെ നിഴലല്ല. സ്ത്രീക്കും പുരുഷനും അവരുടെ പ്രവർത്തനഫലം യഥാവിധി ലഭിക്കുമെന്ന് ഖുർആൻ സംശയരഹിതമായി വ്യക്തമാക്കിയിട്ടുണ്ട്. വിജയംവരിക്കാനുള്ള മാനദണ്ഡം രണ്ടു കൂട്ടർക്കും തുല്യമാണ്. സ്ത്രീക്കും ചില സാമൂഹിക ഉത്തരവാദിത്വങ്ങളും അവകാശങ്ങളും കടമകളുമുണ്ട്. പക്ഷേ, അവളുടെ പ്രഥമ പരിഗണന കുടുംബമാണ്. ഇത് പ്രവർത്തന സൗകര്യത്തിനു വേണ്ടിയുള്ള വീതംവെപ്പു മാത്രമാണ്. സമൂഹത്തിന്റെ വിവിധ ഘടകങ്ങളുടെ ശരിയായ രീതിയിലുള്ള പ്രവർത്തനത്തിനും ധാർമികവും സാമൂഹികവുമായ കെട്ടുറപ്പിനും നന്മക്കും ഇത് അനിവാര്യമാണ്. സ്ത്രീപുരുഷ സമത്വത്തെപ്പറ്റിയും അസമത്വത്തെപ്പറ്റിയുമുള്ള വിവാദങ്ങൾ ഈ സന്ദർഭത്തിൽ തീർത്തും അപ്രസക്തമാണ്. വ്യത്യസ്ത പ്രവർത്തന മേഖലകൾ നിശ്ചയിക്കപ്പെട്ടുവെന്നതിനർഥം മനുഷ്യരെന്ന നിലയിലുള്ള അവരുടെ പദവി വ്യത്യസ്തമാണ് എന്നല്ല. ഉദാഹരണത്തിന് വിവിധതരം പൂക്കളെയെടുക്കാം. റോസും മുല്ലയും ഡാഫോഡിലും ട്യൂലിപ്പുമെല്ലാം വിഭിന്നങ്ങളാണ്. പക്ഷേ, അവക്കിടയിൽ അസമത്വമുണ്ടെന്ന് പറയുന്നത് വെറുതെ ചിന്താക്കുഴപ്പമുണ്ടാക്കലാണ്. സമൂഹത്തിൽ എഞ്ചിനീയർമാരും ഡോക്ടർമാരും കവികളും കലാകാരന്മാരും വ്യത്യസ്ത ജോലികളാണ് നിർവഹിക്കുന്നത്. എന്നുവെച്ച് അവർ തമ്മിൽ അസമത്വമുണ്ടെന്ന് ആരും വാദിക്കാറില്ല. വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നുവെന്നതിനർഥം ചിലർ ഉന്നതരും മറ്റുള്ളവർ താഴ്ന്നവരുമാണ് എന്നല്ല. ഓരോ മേഖലയും പ്രധാനപ്പെട്ടതാണ്. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തരും വിലയിരുത്തപ്പെടുക. ഒരാളെ ഒരു ചുമതലയേൽപ്പിക്കുന്നത് അക്കാര്യം അയാൾക്ക് നന്നായി ചെയ്യാൻ കഴിയും എന്ന അടിസ്ഥാനത്തിലാണ്. പ്രവാചകൻ പറയുകയുണ്ടായി: "നിങ്ങളെല്ലാവരും രക്ഷാധികാരികളാണ്. നിങ്ങളുടെ പരിരക്ഷയിലുള്ള ആളുകളുടെയും നിങ്ങളെ സൂക്ഷിക്കാനേൽപിച്ച വസ്തുക്കളുടെയും ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. ഭരണാധികാരി അയാളുടെ പ്രജകളുടെ രക്ഷാധികാരിയാണ്. അവരുടെ കാര്യത്തിൽ അയാൾക്ക് ഉത്തരവാദിത്വമുണ്ട്. പുരുഷൻ അയാളുടെ കുടുംബത്തിന്റെ രക്ഷാധികാരിയാണ്. അവരുടെ കാര്യത്തിൽ അയാൾ അല്ലാഹുവിങ്കൽ മറുപടി പറയേണ്ടിവരും. സ്ത്രീ അവളുടെ ഇണയുടെ വീടിന്റെ രക്ഷാധികാരിയാണ്. അതിനെക്കുറിച്ച് അവൾ ചോദിക്കപ്പെടും. നിങ്ങളെല്ലാവരും രക്ഷാധികാരികളാണ്. നിങ്ങളുടെ സംരക്ഷണയിലുള്ളവരെക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും" (*ഫാമിലി ലൈഫ് ഇൻ ഇസ്‌ലാം*).

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# ന്യൂയോർക്കിലും ഗതികിട്ടാതെ മുതലാളിത്തം

**'അമേരിക്കൻ** സാമ്പത്തിക പ്രതിസന്ധി നൽകുന്ന പാഠങ്ങൾ' (ലക്കം 18) എന്ന മുഹമ്മദ് പാലത്ത് എഴുതിയ ലേഖനം ആണ് ഈ കുറിപ്പിന് ആധാരം. ആഗോള സാമ്പത്തിക പ്രതിസന്ധി ലോകരാജ്യങ്ങളെ ഒന്നടങ്കം പിടിച്ചുകുലുക്കിയിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയുടെ തകർച്ചയുടെ തുടക്കം കുറിച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ പോറലുകളേൽക്കാതെ ഇസ്‌ലാമിക ബാങ്കുകളും അനുബന്ധ സ്ഥാപനങ്ങളും തലയുയർത്തിനിൽക്കുന്നു.

ഈ സന്ദർഭത്തിൽ ഇരുപതാംനൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന നായകനും പ്രമുഖ പണ്ഡിതനുമായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി 1946 ഡിസംബർ 30ന് ജമാഅത്തെ ഇസ്‌ലാമി ലാഹോർ സമ്മേളനത്തിൽ ചെയ്ത പ്രൗഢഗംഭീരമായ പ്രസംഗത്തിലെ മുന്നറിയിപ്പുകൾ ശ്രദ്ധേയമായിത്തീരുന്നു.

"ഇന്ന് നിങ്ങളുടെ തലക്കുമീതെ തൂങ്ങുന്ന ഭയത്തിന്റെയും ദുഃഖത്തിന്റെയും ദൈന്യതയുടെയും അടിമത്തത്തിന്റെയും കരാള മേഘങ്ങൾ ചില വർഷങ്ങൾക്കകം അകന്നുമാറുന്നതാണ്. നിങ്ങളുടെ സത്യബോധനവും സച്ചരിതങ്ങളും ഹൃദയമസ്തിഷ്കങ്ങളെ കീഴടക്കിക്കൊണ്ടേ പോവും. നിങ്ങളെ കുറിച്ചുള്ള മതിപ്പും വിശ്വാസവും ലോകത്ത് വേരുറക്കും. നീതിയുടെ പ്രതീക്ഷകൾ നിങ്ങളോട് മാത്രം ബന്ധിക്കപ്പെടും. ലോകത്തിന്റെ വിശ്വാസം നിങ്ങളുടെ വിശ്വസ്തതയിലും സത്യസന്ധതയിലും മാത്രമായിരിക്കും. നിങ്ങളുടെ വാക്ക് പ്രമാണമായിരിക്കും. നന്മ നിങ്ങളിൽനിന്ന് മാത്രം പ്രതീക്ഷിക്കപ്പെടും. അസത്യത്തിന്റെ ആചാര്യന്മാർക്ക് നിങ്ങളുടെ മുമ്പിൽ യാതൊരു വിലയും അവശേഷിക്കുകയില്ല. അവരുടെ എല്ലാ തത്ത്വശാസ്ത്രങ്ങളും രാഷ്ട്രീയ സാമ്പത്തിക സിദ്ധാന്തങ്ങളും നിങ്ങളുടെ സത്യതക്കും സന്മാർഗത്തിനും മുമ്പിൽ കേവലം കള്ളനാണയങ്ങളായി തള്ളപ്പെടും. അവരുടെ ക്യാമ്പിൽ കാണപ്പെടുന്ന ശക്തിസന്നാഹങ്ങളെല്ലാം അടർന്നടർന്ന് ഇസ്‌ലാമിന്റെ ക്യാമ്പിലേക്ക് പ്രവഹിക്കും. അങ്ങനെ ഒരു കാലം വരും. അന്ന് കമ്യൂണിസം മോസ്കോവിൽതന്നെ രക്ഷാമാർഗം കാണാതെ പരിഭ്രമിക്കും. മുതലാളിത്ത ഡെമോക്രസി വാഷിംഗ്ടണിലും ന്യൂയോർക്കിലും പോലും അഭയസ്ഥാനമില്ലാതെ കുഴങ്ങും. ഭൗതികവാദം ലണ്ടനിലെയും പാരീസിലെയും യൂനിവേഴ്സിറ്റികളിൽ ഇടം ലഭിക്കാതെ ഉഴലും" (*സത്യസാക്ഷ്യം* പേജ് 22).

എത്ര സത്യസന്ധമായ ദീർഘദർശനം! കമ്യൂണിസത്തിന്റെ തകർച്ച ലോകം കണ്ടുകഴിഞ്ഞു. ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മുതലാളിത്ത വ്യവസ്ഥയുടെ തകർച്ചയുടെ തുടക്കംകുറിക്കൽതന്നെ എന്ന കാര്യവും തീർച്ച.

**പി.ബി അലി റയോൺപുരം**
**പെരുമ്പാവൂർ**

# സൂക്ഷ്മതയില്ലാത്ത 'നിഷ്പക്ഷ വായന'

**'ഖുർആൻ** ഒരു നിഷ്പക്ഷവായന' എന്ന എസ്.എം മുഹമ്മദ് കോയയുടെ പ്രതികരണം (*പ്രബോധനം* സെപ്റ്റംബർ 13) സൂക്ഷ്മമോ യുക്തിബദ്ധമോ അല്ല. അതിൽ പല പോരായ്മകളും കടന്നുകൂടിയിട്ടുണ്ട്.

1. 'മനുഷ്യസൃഷ്ടി ഖുർആനിക വീക്ഷണത്തിൽ' എന്ന ഭാഗം അദ്ദേഹം കൈകാര്യം ചെയ്തപ്പോൾ ഖുർആനിന് വിരുദ്ധമായ പരാമർശങ്ങൾ വരെയും കാണാൻ കഴിഞ്ഞു. തെളിവിനായി ഉൽപത്തി പുസ്തകം രണ്ടാമധ്യായം 21,22ലെ "അതുകൊണ്ട് കർത്താവായ ദൈവം മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി, ഉറങ്ങുമ്പോൾ അയാളുടെ വാരിയെല്ലുകളിൽ ഒന്നെടുത്ത് കർത്താവായ ദൈവം മനുഷ്യനിൽനിന്നെടുത്ത വാരിയെല്ലിനെ സ്ത്രീയാക്കി" എന്നതും, ഖുർആൻ 4:1 സൂക്തവും എടുത്തുദ്ധരിച്ച് ഈ സൂക്തം ബൈബിൾ വചനവുമായി സർവാത്മനാ യോജിക്കുന്നതായി പറയുന്നു. എന്തൊരസംബന്ധം! മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച ഖുർആനികാധ്യാപനം അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നു സാരം. അല്ലാഹു ആദ്യപിതാവായ ആദമിനെ സൃഷ്ടിച്ചതുപോലെ ആദ്യമാതാവായ ഹവ്വയെയും സൃഷ്ടിച്ചു. ഖുർആനിൽ ഈ പരാമർശം ധാരാളം സ്ഥലങ്ങളിൽ കാണാൻ കഴിയും (ഉദാ: 7:189, 39:6, 51:49, 36:36, 16:72, 30:21, 35:11, 42:11). ഇവിടെയൊന്നും പുരുഷന്റെ വാരിയെല്ലിൽനിന്നോ പുരുഷനിൽനിന്നുതന്നെയോ സ്ത്രീയെ സൃഷ്ടിച്ചതായി പറയുന്നില്ല. എല്ലാറ്റിനെയും ഇണകളാക്കിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

2. 'ആദമിന്റെ സൃഷ്ടികർമത്തിലാവട്ടെ, സാഷ്ടാംഗ വേളയിലാവട്ടെ ആദമിന്റെ ഇണയെക്കുറിച്ച് ഒരു പരാമർശവും ഖുർആൻ നടത്തുന്നില്ല' എന്ന ലേഖകന്റെ പരാമർശം അബദ്ധമാണ്. ആദമിനെക്കുറിച്ച് പരാമർശിച്ച ഭാഗങ്ങളിൽതന്നെ ഇണയെക്കുറിച്ചും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

"നാം പറഞ്ഞു. ഹേ, ആദം നീയും നിന്റെ ഇണയും സ്വർഗത്തിൽ വസിച്ചുകൊള്ളുക" (2:35, 7:19). സ്വർഗലോകത്ത് താമസിച്ചപ്പോഴും അല്ലാഹുവിന്റെ കൽപനക്കെതിരായി പ്രവർത്തിച്ചപ്പോഴും അവസാനം സ്വർഗത്തിൽനിന്ന് ഇറക്കിവിട്ടപ്പോഴുമെല്ലാം ആദമും ഹവ്വയും ഒന്നിച്ചുതന്നെയായിരുന്നു. 'ആദമിന്റെ സൃഷ്ടി നടന്ന് എത്രകാലം കഴിഞ്ഞാണ് ഹവ്വയുടെ സൃഷ്ടി നടന്നതെന്ന് ഖുർആൻ സൂചിപ്പിക്കുന്നില്ല' എന്ന ലേഖകന്റെ പരാമർശവും വിവരക്കേടുതന്നെ.

ആദമും ഹവ്വയും ഒത്തുചേർന്ന മനുഷ്യവർഗത്തെയാണ് മലക്കുകളുടെ പ്രണാമത്തിലൂടെ അല്ലാഹു ആദരിച്ചിരിക്കുന്നത്. പ്രണാമത്തെക്കുറിച്ച് പറഞ്ഞ ഉടനെ 'നീയും നിന്റെ ഇണയും സ്വർഗലോകത്ത് വസിച്ചുകൊള്ളൂ' എന്ന ഉത്തരവ് മനുഷ്യവർഗത്തിന് അല്ലാഹു നൽകിയ ആദരവിന്റെയും ബഹുമാനത്തിന്റെയും പരസ്യമായ പ്രഖ്യാപനമാണ്.

3. 'ഏകദൈവവിശ്വാസത്തിലേക്കു ക്ഷണിക്കാൻ നിയുക്തരായ പ്രവാചകന്മാരെല്ലാം പുരുഷന്മാർതന്നെയായിരുന്നു. ഒരു സ്ത്രീയെ പ്രവാചകയായി എവിടെയെങ്കിലും നിയോഗിച്ചതായി നമുക്ക് കണ്ടെത്തുക സാധ്യമല്ല'- എന്ന ലേഖകന്റെ പരാമർശം പരമ്പരാഗതമായ ചില സങ്കൽപങ്ങൾക്കനുസരിച്ച് ശരിയായിരിക്കാം. എന്നാൽ ഖുർആനെക്കുറിച്ചു പഠിച്ചിട്ടുള്ള പൂർവസൂരികളായ പണ്ഡിതന്മാർ, ഇമാമുകൾ, ചിന്തകന്മാർ അവർക്ക് നിശ്ചയമില്ലാതിരുന്ന കാര്യത്തിൽ ഇടപെടുകയോ സുനിശ്ചിതമായ തീരുമാനത്തിലെത്തുകയോ ചെയ്തിരുന്നില്ല. ഖുർആനിൽ ഏതാനും ചില പ്രവാചകന്മാരുടെ പേരുകൾ മാത്രമേ പരാമർശിച്ചിട്ടുള്ളൂ. പരാമർശിച്ചതും പരാമർശിക്കാത്തതുമായ അസംഖ്യം പ്രവാചകന്മാർ എന്നാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. അത് ലക്ഷോപലക്ഷം വന്നേക്കാം.

''എല്ലാ സമൂഹത്തിലും മാർഗദർശകന്മാർ വന്നിട്ടുണ്ട്'' (13:7). ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യം, ഇസ്‌ലാമിലെ നിർദേശങ്ങളും കൽപനകളും രക്ഷയും ശിക്ഷയും ഇസ്‌ലാമിക പ്രബോധനവും പ്രചാരണവും എല്ലാം എല്ലാവരോടുമാണെന്നിരിക്കെ പ്രവാചകത്വം പുരുഷന്മാരിൽ മാത്രം പരിമിതപ്പെടുത്തുന്നതിന്റെ യുക്തി എന്താണ്? സ്ത്രീകളുടെ കൂട്ടത്തിലും പ്രവാചകരുണ്ടായിരിക്കാൻ സാധ്യതയില്ലേ? പൂർവ പണ്ഡിതനായ ഇമാം ഖുർത്വുബി (മരണം ഹിജ്റ 671) തന്റെ പ്രസിദ്ധമായ തഫ്സീറിൽ ഇതുസംബന്ധമായി ചില സൂചനകൾ നൽകിയിട്ടുണ്ട്.

**ഉമർ മുഹമ്മദ് കളമശ്ശേരി**

# സിഗററ്റ് കമ്പനികളെ വെറുതെ വിടരുത്

**പൊതുസ്ഥലങ്ങളിലെ** പുകവലി നിരോധം സ്വാഗതാർഹംതന്നെ. പക്ഷേ, പുകവലിക്കാർക്ക് മാത്രമേ ശിക്ഷ ബാധകമാകുന്നുള്ളൂ. സിഗററ്റ് കമ്പനികൾക്ക് തങ്ങളുടെ ഉൽപന്നങ്ങൾ പരസ്യപ്പെടുത്തുന്നതിനോ വ്യാപകമായി വിതരണം ചെയ്യുന്നതിനോ യാതൊരു തടസ്സവുമില്ല. ഇത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. സിഗററ്റ് കമ്പനികൾക്കെതിരെയാണ് ആദ്യം നിയമ നടപടികൾ ഉണ്ടാവേണ്ടത്.

**നേമം താജുദ്ദീൻ തിരുവനന്തപുരം**

# 'ഹർഥും ബർസയും'

**'സ്ത്രീ** പുരുഷന്റെ കൃഷിയിടമാണ്' എന്ന വചനത്തിലെ 'ഹർഥ്' എന്ന വാക്കിന് 'കൃഷിയിടം' എന്നതിനപ്പുറം നാലോ അഞ്ചോ നാനാർഥങ്ങളുണ്ടെന്നും അവയിലൊന്ന് സ്വർഗം എന്നാണെന്നും അസ്മ (ബർലാസ്) പറയുമ്പോൾ, സ്ത്രീയും പുരുഷനും പരസ്പരം സ്വർഗങ്ങളാകുന്ന സൗന്ദര്യസങ്കൽപത്തിൽ അനറബിയായ എന്റെ മനസ്സും അഭിരമിച്ചുപോകുന്നു'- ഡോ. ഖദീജാ മുംതാസിന്റെ 'ബർസ' എന്ന നോവലിന്റെ ആമുഖത്തിലുള്ള വരികൾ.

*അൽബഖറ* അധ്യായത്തിലെ, 'നിസാഉകും ഹർഥുൻലകും' എന്നതിലെ 'ഹർഥ്' എന്ന പദത്തിന് ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലോ ഭാഷാ നിഘണ്ടുവിലോ 'സ്വർഗം' എന്ന അർഥം കണ്ടിട്ടില്ല. ഇനി, 'സ്വർഗം' എന്ന് അർഥം ഉണ്ടെന്നു വെച്ചാൽ തന്നെയും 'നിങ്ങളുടെ സ്ത്രീകൾ നിങ്ങളുടെ(പുരുഷന്മാരുടെ) സ്വർഗമാണ്' എന്നേ അർഥം വരൂ. പുരുഷന്മാർ സ്ത്രീകളുടെ സ്വർഗമാണെന്നോ, സ്ത്രീ പുരുഷ ദാമ്പത്യം സ്വർഗമാണെന്നോ അർഥം ലഭിക്കില്ല.

ലൈംഗികജീവിതത്തിൽ പുരുഷനും സ്ത്രീയും നിർവഹിക്കുന്ന ഭിന്ന ധർമങ്ങളുടെ അതിമനോഹരമായ ആവിഷ്കാരമാണ് മേൽ സൂക്തം. കാർഷികവൃത്തിയിൽ കർഷകനെ പോലെ കൃഷിയിടത്തിനും വിത്തിനും വളത്തിനും കാലാവസ്ഥക്കും അവയുടേതായ പങ്കും പ്രാധാന്യവുമുണ്ട്. ഒന്നും കുറച്ചു കാണേണ്ടതില്ല. അതുകൊണ്ടാണ് ദാമ്പത്യം ചിത്രീകരിക്കാൻ കൃഷി എന്ന രൂപകത്തെ തന്നെ ഖുർആൻ തെരഞ്ഞെടുത്തത്. മേൽ സൂക്തം അവതരിക്കാനുണ്ടായ പശ്ചാത്തലം വിശദമായിത്തന്നെ ഖുർആൻ വ്യാഖ്യാതാക്കൾ കൈകാര്യം ചെയ്തിരിക്കെ, അവയൊന്നും പരിഗണിക്കാതെ ഖുർആൻ സ്ത്രീയെ അധമയാക്കി എന്ന് പരിഭവിക്കുന്നതിന് ന്യായമില്ല. സ്ത്രീയെ 'കൃഷിയിടം' എന്ന് വിശേഷിപ്പിച്ചത് തികഞ്ഞ യുക്തിയോടെയാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ലൈംഗിക ധർമത്തിൽ ഏതു ജീവികളിലും സ്ത്രീയെ അപേക്ഷിച്ച് പുരുഷനാണ് മുൻകൈ. ഇതും സ്ത്രീവിരുദ്ധതയായി കാണേണ്ടതില്ല. ആണിനും പെണ്ണിനും അവരവരുടെ ശാരീരികവും മാനസികവുമായ സവിശേഷതകൾക്കനുസൃതമായ ധർമവും അതിനൊത്ത പദവിയും ഖുർആനും ഇസ്‌ലാമും നൽകിയിട്ടുണ്ട്.അത് അംഗീകരിക്കാൻ നാം തയാറാവുകയേ വേണ്ടതുള്ളൂ.

**അബ്ദുല്ലത്വീഫ് കൊടുവള്ളി**